**പതിമൂന്നാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 168 — 10.06.2013-ൽ മറുപടിയ്ക്ക്

**ക്രമസമാധാന പാലനം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. എസ് സുനിൽ കുമാർ<br>ശ്രീ. ജി. എസ് ജയലാൽ<br>ശ്രീമതി. ഗീതാ ഗോപി<br>ശ്രീമതി. ഇ. എസ്. ബിജിമോൾ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ക്രമസമാധാനനില തകർന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>ഉണ്ടെങ്കിൽ ക്രമസമാധാനം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്; | (എ) ഇല്ല. |
| (ബി) ദേശീയ ശരാശരിയുമായി താരതമ്യം ചെയ്യുമ്പോൾ സംസ്ഥാനത്തെ കുറ്റകൃത്യങ്ങളുടെ നിരക്ക് എത്രയാണ്; | (ബി) 2011 ൽ കേരളത്തിൽ കുറ്റകൃത്യങ്ങളുടെ നിരക്ക് 515.6 ആയിരിക്കെ ദേശീയ ശരാശരി 192.2 ആണ്. |
| (സി) കഴിഞ്ഞ രണ്ടു വർഷത്തിനിടയിൽ ഓരോ വർഷവും രജിസ്റ്റർ ചെയ്യപ്പെട്ട കൊലപാതക കേസുകൾ,<br>കൊലപാതക ശ്രമങ്ങളുടെ പേരിൽ രജിസ്റ്റർ ചെയ്യപ്പെട്ട കേസുകൾ എന്നിവ എത്ര വീതം; | (സി) കഴിഞ്ഞ രണ്ടു വർഷത്തിനിടയിൽ ഓരോ വർഷവും രജിസ്റ്റർ ചെയ്യപ്പെട്ട കൊലപാതക കേസുകൾ, കൊലപാതക ശ്രമങ്ങളുടെ പേരിൽ രജിസ്റ്റർ ചെയ്യപ്പെട്ട കേസുകൾ എന്നിവചുവടെ പട്ടികയിൽ വിവരിക്കുന്നു. |

| | 2011 മേയ് 17 മുതൽ 2011 ഡിസംബർ 31 വരെ | 2012 | 2013 ജനുവരി 1 മുതൽ 2013 മേയ് 17 വരെ |
|---|---|---|---|
| കൊലപാതക കേസുകൾ | 198 | 369 | 132 |
| കൊലപാതക ശ്രമങ്ങളുടെ പേരിൽ രജിസ്റ്റർ ചെയ്യപ്പെട്ട കേസുകൾ | 297 | 490 | 269 |

| | | | |
|---|---|---|---|
| (ഡി) | കഴിഞ്ഞ രണ്ടു വർഷത്തിനിടയിൽ രജിസ്റ്റർ ചെയ്യപ്പെട്ട ബലാൽസംഗ കേസ്സുകൾ എത്ര; ലൈംഗിക അതിക്രമങ്ങളുടെ പേരിൽ ചാർജ് ചെയ്യപ്പെട്ടവ എത്ര; | (ഡി) | കഴിഞ്ഞ രണ്ടു വർഷത്തിനിടയിൽ രജിസ്റ്റർ ചെയ്യപ്പെട്ട ബലാൽസംഗ കേസ്സുകൾ 2211 ഉം, ലൈംഗിക അതിക്രമങ്ങളുടെ പേരിൽ ചാർജ് ചെയ്യപ്പെട്ട 9074 കേസുകളും ഉണ്ട്. |
| (ഇ) | ഈ കാലയളവിൽ രജിസ്റ്റർ ചെയ്യപ്പെട്ട മോഷണം, മാല പൊട്ടിക്കൽ, തട്ടിക്കൊണ്ടു പോകൽ കേസ്സുകൾ എത്ര? | (ഇ) | ഈ കാലയളവിൽ 11120 മോഷണകേസുകളും, 1450 മാലപ്പൊട്ടിക്കൽ കേസുകളും, 557 തട്ടിക്കൊണ്ട് പോകൽ കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (എഫ്) | കഴിഞ്ഞ രണ്ടു വർഷത്തിനിടയിൽ എത്ര പേരെ കാണാതായി, ഇതിൽ എത്രപേരെ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ? | (എഫ്) | കഴിഞ്ഞ രണ്ടു വർഷത്തിനിടയിൽ 9836 പേരെ കാണാതായി, ഇതിൽ 8395 പേരെ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട് |

സെക്ഷൻ ഓഫീസർ